# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി</u>

2394 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഇ.എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയെ സംബന്ധിച്ച മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ടോ; മാസ്റ്റർ പ്ലാനിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരം ആവശ്യമുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്ന ബാങ്ക് വായ്പ എത്രയാണെന്നും ഓഹരി മൂലധനമെത്രയാണെന്നും വ്യക്തമാക്കുമോ; ഇതിൽ സർക്കാർ വിഹിതമെത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ വിഹിതം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ നൽകാൻ വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്മാർട്സിറ്റി പദ്ധതിയുടെ നിർമ്മാണം</u>

2395 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010 ഫെബ്രുവരിയിൽ സംസ്ഥാന സർക്കാരും ടീകോം പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചയിൽ 30 ദിവസത്തിനകം സ്മാർട്സിറ്റി പദ്ധതിയുടെ നിർമ്മാണമാരംഭിക്കാമെന്ന് ടീകോം ഉറപ്പു നൽകിയുന്നോ; എന്തുകൊണ്ടാണ് ഇതുവരെയും നിർമ്മാണം ആരംഭിക്കാൻ കഴിയാതിരുന്നത്; വിശദമാക്കുമോ;

(ബി) നിർമ്മാണം വൈകുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ ടീകോമിന് കത്ത് നൽകിയിട്ടുണ്ടോ; അതിന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് കാരണമാണ് ടീകോം ഉന്നയിക്കുന്നത്; വ്യക്തമാക്കുമോ;

(സി) നിർമ്മാണം ആരംഭിക്കുന്നില്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; എത്രനാളുകൾക്കുള്ളിൽ; വ്യക്തമാക്കുമോ;

(ഡി) സ്മാർട്സിറ്റി പവിലിയൻ നിർമ്മാണത്തിന് എത്ര തുക ചെലവായി; എത്ര ചതുരശ്ര അടി കെട്ടിടമാണ് നിർമ്മിച്ചത്; ഇതിനായി ടെണ്ടർ വിളിച്ചിരുന്നോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ</u>

2396 ശ്രീ. എം.എ. ബേബി
,, കെ. ദാസൻ
,, കെ.ടി. ജലീൽ
,, പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) വ്യവസായവകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) ഏറ്റവും ഒടുവിൽ നടത്തിയ അവലോകനത്തിൽ ഇതിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിലായിരുന്നു എന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര പൊതുമേഖലാസ്ഥാപനങ്ങൾ ഉണ്ട്; ഓരോ സ്ഥാപനത്തിന്റെയും നഷ്ടം എത്ര വീതമാണ്; വിശദമാക്കുമോ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിലായതായി ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2397 ശ്രീമതി. കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം ആദ്യ 8 മാസത്തെ വിലയിരുത്തലിൽ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; അവ ഏതൊക്കെ; ലാഭവിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2011-12 സാമ്പത്തിക വർഷം ആദ്യ എട്ടുമാസങ്ങളിൽ ഇവയുടെ ലാഭവിഹിതം എത്രയായിരുന്നുവെന്ന് താരതമ്യം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) മുൻ കാലങ്ങളിൽ ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന സ്ഥാപനങ്ങളായ കെ.എം.എം.എൽ., ട്രാവൻകൂർ ടൈറ്റാനിയം എന്നിവയുടെ ലാഭത്തോത് നടപ്പ് വർഷത്തിൽ കാര്യമായി കുറവ് വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം 2012 നവംബർ 30 വരെ സ്വകാര്യമേഖലയിൽ എത്ര പുതിയ കമ്പനികൾ വ്യവസായ മേഖലയിൽ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുളള കണക്ക് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തേയ്ക്ക് പുതിയ വ്യവസായങ്ങൾ കൊണ്ടുവരാൻ ധൈര്യമില്ല എന്നു പറഞ്ഞ കേന്ദ്ര പ്രതിരോധ മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) മുൻ സർക്കാരിന്റെ കാലത്ത് പ്രതിരോധ വകുപ്പിന്റെ എത്ര സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് ആരംഭിച്ചത്; അവ ഏതൊക്കെ; വിശദമാക്കുമോ;

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

(ജി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രതിരോധ വകുപ്പിന്റെ ഏതെങ്കിലും പുതിയ സ്ഥാപനം സംസ്ഥാനത്ത് ആരംഭിക്കാൻ സാധിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(എച്ച്) പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിരം നിയമനങ്ങൾക്ക് പകരം താൽക്കാലിക നിയമനങ്ങൾ വ്യാപകമായി നടത്തുന്നതും വിരമിച്ചുകഴിയുന്നവർ തൽസ്ഥാനങ്ങളിൽ തുടരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

വ്യവസായ വാണിജ്യ വകുപ്പ് മുഖേന നൽകുന്ന സേവനങ്ങളും നടപ്പാക്കുന്ന പദ്ധതികളും

2398 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വാണിജ്യവകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാ, താലൂക്ക് ഓഫീസുകളിലുമായി ഇപ്പോൾ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുവെന്നും ഇവർക്കു വേണ്ടി പ്രതിവർഷം എത്ര കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ ചെലവഴിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾ മുഖേന വ്യവസായ സംരംഭകർക്ക് നൽകുന്ന സേവനങ്ങളും നടപ്പാക്കുന്ന പദ്ധതികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിനു വേണ്ടി 2011-12 ൽ അനുവദിച്ചിട്ടുളള പദ്ധതി വിഹിതമെത്രയാണെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>പ്രവർത്തനരഹിതമായ പൊതുമേഖലാസ്ഥാപനങ്ങൾ</u>

2399 ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി പ്രവർത്തനരഹിതമായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇത് സാദ്ധ്യമാകാത്ത സാഹചര്യമുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളുടെ ഭൂമി ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

2400 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നതെന്ന് അറിയിക്കുമോ ;

(ബി) ഇവയിൽ ലാഭത്തിലും, നഷ്ടത്തിലും പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എറണാകുളം ജില്ലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതൊക്കെയാണ്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് നൽകി വന്നിരുന്ന പദ്ധതി സഹായങ്ങൾ</u>

2401 ശ്രീ. ഇ. പി. ജയരാജൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, വി. ശിവൻകുട്ടി
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് നൽകിവന്നിരുന്ന മാർജിൻമണി വായ്പ, മൂലധനസബ്സിഡി, സാങ്കേതിക വിദ്യാവികസന സബ്സിഡി, ഗ്യാരണ്ടി ഫീസ് തുടങ്ങിയ പദ്ധതി സഹായങ്ങൾ നിർത്തലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ നിർത്തലാക്കാനിടയായ സാഹചര്യം വിശദമാക്കുമോ; ഇത്തരത്തിൽ എത്ര പദ്ധതികൾ നിർത്തലാക്കുകയുണ്ടായി; അവ ഏതെല്ലാം; സർക്കാർ പ്രഖ്യാപിച്ച എൻട്രപ്രണർ സപ്പോർട്ട് സ്കീമിൽ നിന്നും ഇതിനകം എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(സി) സൂക്ഷ്മ ഇടത്തരം-ചെറുകിട സംരംഭങ്ങളെ വ്യവസായ വകുപ്പ് അവഗണിക്കുന്നതുമൂലം വ്യവസായികൾ കടുത്ത ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

സംസ്ഥാനത്തെ സൂക്ഷ്മ - ചെറുകിട ഇടത്തരം സംരംഭങ്ങൾ

2402 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2012 വരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്ത് എത്ര വീതം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുണ്ടായി ;

(ബി) 2001-12 കാലഘട്ടത്തിൽ ഓരോ സാമ്പത്തികവർഷവും എത്ര രൂപയുടെ നിക്ഷേപം, തൊഴിൽ എന്നിവ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ വഴി ലഭിച്ചിട്ടുണ്ട് ;

(സി) 2012 ഏപ്രിൽ ഒന്നുമുതൽ 2012 നവംബർ 30 വരെ സംസ്ഥാനത്ത് എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുണ്ടായി ; ഇത് വഴി എത്ര കോടി രൂപയുടെ നിക്ഷേപം സാധ്യമായി ; എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി ;

(ഡി) 2011 ഏപ്രിൽ ഒന്നുമുതൽ 2012 മാർച്ച് 31 വരെ സംസ്ഥാനത്ത് എത്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങാനായി ; എത്ര രൂപയുടെ നിക്ഷേപം ഇത് വഴി ലഭിച്ചു ; എത്ര തൊഴിലുകൾ സാധ്യമായി ; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ലിക്വിഡേറ്റ് ചെയ്യപ്പെട്ട കമ്പനി സ്വത്തുക്കളുടെ ഉടമസ്ഥതയും നിയന്ത്രണ അവകാശവും</u>

2403 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലിക്വിഡേറ്റ് ചെയ്യപ്പെട്ട കമ്പനികൾ വക സ്വത്തുക്കളുടെ ഉടമസ്ഥതയും നിയന്ത്രണ അവകാശവും ആരിലാണ് നിക്ഷിപ്തമായിട്ടുളളത്; വ്യക്തമാക്കുമോ;

(ബി) ബാലുശ്ശേരി നിയമസഭാ മണ്ഡലത്തിലെ കുന്നത്തറ ടെക്സ്റ്റയിൽസ് വക സ്വത്തുക്കളുടെ ഇപ്പോഴത്തെ ഉടമസ്ഥവകാശം ആർക്കാണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന് കുന്നത്തറ ടെക്സ്റ്റയിൽ വക സ്വത്തുക്കളിൻ മേൽ ഏതെങ്കിലും തരത്തിലുളള നിയന്ത്രണാധികാരം ഉണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും കുന്നത്തറ ടെക്സ്റ്റയിൽ വക സ്വത്തുക്കൾ സംരക്ഷിക്കുന്നതിൽ പാലിക്കപ്പെട്ടതായി ഉറപ്പാക്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ രൂപികരിച്ചിട്ടുള്ള പി.പി.സെൽ</u>

2404

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകളുടെ മേൽനോട്ടത്തിനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ പി. പി. സെൽ രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെ മേൽനോട്ടത്തിലാണ് സെൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനകം എത്ര പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ

2405 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി സ്ഥാപിച്ച പൊതുമേഖലാ വ്യവസായ യൂണിറ്റുകളിൽ ഉല്പാദനം തുടങ്ങാത്തവയിൽ എപ്പോൾ ഉല്പാദനം ആരംഭിക്കാനാവുമെന്നു വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കെൽട്രോൺ സൗരോർജ്ജ മേഖലയിൽ ആവിഷ്കരിച്ച പദ്ധതികൾ

2406 ശ്രീ.പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ
,, സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ സൗരോർജ്ജ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധിക്കു പരിഹാരം കാണാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കെല്‍ടെക് ബ്രഹ്മോസ് എയ്റോസ്പേസിന്
കൈമാറിയത് സംബന്ധിച്ച നടപടി

2407 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെല്‍ടെക് രൂപീകരിച്ചത് ഏത് വര്‍ഷമാണ് ; കെല്‍ടെകിന്റെ രൂപീകരണ ഉദ്ദേശ്യം എന്തായിരുന്നു;

(ബി) ബ്രഹ്മോസ് എയ്റോസ്പേസിന് കൈമാറുന്നതുവരെ, രൂപീകരണ കാലംതൊട്ട് കെല്‍ടെകിനുണ്ടായ പ്രതി വര്‍ഷ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) കെല്‍ടെകിന്റെ കൈവശം എത്ര ഏക്കര്‍ ഭൂമി ഉണ്ടായിരുന്നു ;

(ഡി) കെല്‍ടെക്, ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന് കൈമാറിയതിലൂടെ സംസ്ഥാന സര്‍ക്കാരിന് സാമ്പത്തിക ലാഭം ഉണ്ടായിട്ടുണ്ടോ ;

(ഇ) സംസ്ഥാന സര്‍ക്കാരും കേന്ദ്ര സര്‍ക്കാരും തമ്മില്‍ ഇത് സംബന്ധിച്ച് ധാരണാപത്രമോ കരാറോ ഒപ്പ് വച്ചിട്ടുണ്ടോ ; എങ്കില്‍ അതിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ ;

(എഫ്) കെല്‍ടെക്, ബ്രഹ്മോസ് എയ്റോസ്പേസിന് കൈമാറുമ്പോള്‍ കെല്‍ടെക്കില്‍ ഏതെല്ലാം അംഗീകൃത ട്രേഡ് യൂണിയനുകളാണ് ഉണ്ടായിരുന്നത് ;

(ജി) പ്രസ്തുത ട്രേഡ് യൂണിയനുകള്‍ കെല്‍ടെക് കൈമാറ്റ സമയത്ത് അധികൃതര്‍ക്ക് രേഖാമൂലം ഏതെങ്കിലും ഉറപ്പുകള്‍ നല്‍കിയിട്ടുണ്ടോ ; എങ്കില്‍ ഇതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ ;

(എച്ച്) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ കൈവശം സംസ്ഥാന സര്‍ക്കാര്‍ വിട്ടു കൊടുത്ത എത്ര ഏക്കര്‍ സ്ഥലമുണ്ട് ;

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

(ഐ) ഇപ്പോൾ ബ്രഹ്മോസിൽ നടക്കുന്ന വികസന പദ്ധതികൾ സംബന്ധിച്ച എന്തെങ്കിലും വിവരങ്ങൾ സംസ്ഥാന സർക്കാരിന് അറിയാമോ ; എങ്കിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ജെ) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന് സംസ്ഥാന സർക്കാർ ഇനി എന്തെങ്കിലും കാര്യങ്ങൾ ചെയ്ത് കൊടുക്കാനുണ്ടോ ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കേരളത്തിൽ കേന്ദ്ര പ്രതിരോധ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ

2408 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2011 കാലഘട്ടത്തിൽ കേന്ദ്ര പ്രതിരോധവകുപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങളാണ് സംസ്ഥാനത്ത് നിക്ഷേപം നടത്താൻ സന്നദ്ധമായത് ; നിക്ഷേപത്തിന്റെ വ്യാപ്തി എത്ര ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണ് ; ഏതെല്ലാം പദ്ധതികൾ ഇനി കമ്മീഷൻ ചെയ്യാനുണ്ട് ;

(സി) 2006-11 കാലത്ത് കേരളത്തിനനുവദിച്ച പദ്ധതികളിൽ ഇനിയും കമ്മീഷൻ ചെയ്യാത്ത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്താണ്; ഇത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ആലപ്പുഴ കെ. എസ്. ഡി. പി.

2409 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ. എസ്. ഡി. പി. ഉൽപാദിപ്പിക്കുന്ന മരുന്നുകൾ പൂർണ്ണമായി സംസ്ഥാന ആരോഗ്യവകുപ്പ് വാങ്ങുന്നുണ്ടോ ;

(ബി) 2012 ഏപ്രിൽ 1 മുതൽ ഒക്ടോബർ 31 വരെ എത്ര രൂപയുടെ മരുന്നുകൾ ഉൽപാദിപ്പിച്ചുവെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കാലളയവിൽ സംസ്ഥാന ആരോഗ്യവകുപ്പ് എത്ര രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) കെ. എസ്. ഡി. പി. ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ മരുന്നുകളും സംസ്ഥാന ആരോഗ്യവകുപ്പ് വാങ്ങുക എന്ന നയം നിലവിലുണ്ടോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>പാരിസ്ഥിതികാധിഷ്ഠിത-പൊതുമേഖലാ</u>
<u>വ്യവസായ നയം</u>

2410 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ വികസനത്തിന് പാരിസ്ഥിതികാധിഷ്ഠിത-പൊതുമേഖലാധിഷ്ഠിത വ്യവസായ നയം രൂപീകരിക്കുമോ;

(ബി) ഭൂമിയുടെ ദൗർലഭ്യം കണക്കിലെടുത്ത് കുറച്ചു ഭൂമി മാത്രം ഉപയോഗിക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുമോ;

(സി) ചെറുകിട വ്യവസായങ്ങളുടെ ഒരു സംയോജിത പദ്ധതിയിലൂടെ പരസ്പരാശ്രിത ഉൽപാദനത്തിന് പ്രാമുഖ്യം നൽകുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ടെക്നോളജി സ്റ്റാർട്ട് അപ്പുകൾ</u>

2411 ശ്രീ. പാലോട് രവി
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്നോളജി സ്റ്റാർട്ട് അപ്പുകൾക്കായുള്ള നയത്തിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത നയം അനുസരിച്ച് എത്ര സ്റ്റാർട്ട് അപ്പ് കമ്പനികൾ തുടങ്ങാനാണ് ലക്ഷ്യമിടുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) എല്ലാ പൗരന്മാർക്കും സുതാര്യവും സൗകര്യപ്രദവുമായ രീതിയിൽ ഇലക്ട്രോണിക് സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സ്റ്റാർട്ട് അപ് വില്ലേജ് പദ്ധതി</u>

2412 ശ്രീ. വി. ഡി. സതീശൻ
,, കെ. മുരളീധരൻ
,, ഹൈബി ഈഡൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ട് അപ് വില്ലേജ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) യുവസംരംഭകത്വം പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ബി. ഐ. എഫ്. ആർ. പരിധിയിലുള്ള വ്യവസായ സ്ഥാപനങ്ങൾ

2413 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഉണ്ടെന്നറിയിക്കാമോ ;

(ബി) 2011-12 ൽ എത്രയെണ്ണം ലാഭമുണ്ടാക്കി എന്നും എത്രയെണ്ണം നഷ്ടമുണ്ടാക്കിയെന്നും അറിയിക്കുമോ ;

(സി) ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ബി. ഐ. എഫ്. ആർ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നറിയിക്കുമോ ;

(ഡി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യ സംസ്കരണ മിഷൻ</u>

2414 ശ്രീ. എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ മിഷൻ നിലവിൽ വന്നിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസി ആരാണ്?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഭക്ഷ്യ-സംസ്ക്കരണ വ്യവസായ പദ്ധതികൾ</u>

2415 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭക്ഷ്യ-സംസ്ക്കരണ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതികൾ ഏതു വകുപ്പ് മുഖേനയാണ് ഇപ്പോൾ സംസ്ഥാനത്ത് നടപ്പാക്കിവരുന്നതെന്നും ഇതുവരെ ഏതെല്ലാം സംരംഭങ്ങൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതി നടത്തിപ്പിന് നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>കേരളാ ദിനേശ്ബീഡി ആശ്വാസ പെൻഷൻ പദ്ധതി</u>

2416 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ദിനേശ് ബീഡി ആശ്വാസ പെൻഷൻ പദ്ധതി പ്രകാരം വിരമിച്ച തൊഴിലാളികൾക്ക് ഏതു മാസം വരെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്; എത്ര മാസം കുടിശ്ശികയുണ്ട്;

(ബി) കുടിശ്ശിക വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സിഡ്കോ പ്രൊഡക്ഷൻ യൂണിറ്റിലെ സ്കിൽഡ്/അൺ സ്കിൽഡ് വർക്കർ തസ്തികയിലെ നിയമനം</u>

2417 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിഡ്കോ പ്രൊഡക്ഷൻ യൂണിറ്റിലേക്ക് സ്കിൽഡ്/അൺ സ്കിൽഡ് വർക്കർ തസ്തികയിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ കാർപെന്ററി തസ്തികയിൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേരെ നിയമിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർ ജോലിയിൽ നിന്നും പിരിഞ്ഞുപോയി എന്നും അറിയിക്കാമോ;

(സി) നിലവിൽ കാർപെന്റർ തസ്തികയിൽ എത്ര ഒഴിവുകളാണുള്ളതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ഒഴിവുകളിലേക്ക് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>എമർജിംഗ് കേരളയിൽ കരിമ്പട്ടികയിൽപ്പെട്ടിട്ടുള്ള കമ്പനികൾ</u>

2418 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ കരിമ്പട്ടികയിൽപ്പെട്ടിട്ടുള്ള ഏതെങ്കിലും കമ്പനികൾ ഉൾപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയെ സംബന്ധിച്ച് പരിശോധിച്ച് ഇത്തരം കമ്പനികളെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള</u>

2419 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പാരിസ്ഥിതിക ആഘാതമുണ്ടാക്കുന്ന എന്തെങ്കിലും പദ്ധതികൾ എമർജിംഗ് കേരളയിൽ സമർപ്പിക്കപ്പെട്ടിരുന്നുവോ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>എമർജിംഗ് കേരള പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ</u>

T 2420 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട ജോലി നിർവ്വഹിക്കുന്നതിന് സർക്കാർ ചുമതല നൽകിയിരിക്കുന്നത് ആർക്കാണ്; വ്യക്തമാക്കുമോ;

(ബി) നിർദ്ദിഷ്ട പദ്ധതികൾ ഓരോന്നിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നതിന് ഇതിനകം സ്വീകരിക്കപ്പെട്ട നടപടികൾ വിശദമാക്കുമോ;

(സി) നിർദ്ദേശിക്കപ്പെട്ട പദ്ധതികളിൽ ഭൂമി ആവശ്യമായവ എത്രയാണെന്നും പദ്ധതികൾക്കെല്ലാം കൂടി മൊത്തം എത്ര ഏക്കർ ഭൂമി ആവശ്യമായി വരുമെന്നുമുള്ള വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയിലെ പദ്ധതികൾ</u>

2421 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ക്കാരത്തിനും പാരമ്പര്യത്തിനും ചേരാത്ത പദ്ധതികൾ എമർജിംഗ് കേരളയിൽ കടന്നുവന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സർക്കാർ ഏജൻസിയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) വിശദീകരണ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ</u>
<u>കരിമ്പട്ടികയിൽപ്പെട്ട കമ്പനികൾ</u>

2422 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ പദ്ധതികൾക്കുവേണ്ടി അപേക്ഷ സമർപ്പിച്ചവയിൽ കരിമ്പട്ടികയിൽപ്പെട്ട കമ്പനികളും ഉണ്ടായിരുന്നെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) നിക്ഷേപക സംഗമത്തിൽ ഇത്തരം കമ്പനികൾ കടന്നുവരാനിടയായ സാഹചര്യം വെളിപ്പെടുത്തുമോ ;

(സി) രാജ്യസുരക്ഷയെ ബാധിക്കുന്ന ഇത്തരം കമ്പനികളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന ഇന്റലിജൻസ് മേധാവിക്ക് നിർദ്ദേശം നൽകിയിരുന്നോ ;

(ഡി) എങ്കിൽ ഇന്റലിജൻസ് മേധാവി പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കാസര്‍ഗോഡ് ജില്ലയിലെ എമര്‍ജിംഗ് കേരള പദ്ധതികള്‍

2423

ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എമര്‍ജിംഗ് കേരളയില്‍, കാസര്‍ഗോഡ് ജില്ലയില്‍ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാന്‍ തീരുമാനിച്ചിട്ടുള്ളതെന്നും ഈ പദ്ധതികളില്‍ എത്ര പദ്ധതികളാണ് സ്വകാര്യ സംരംഭങ്ങളെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

'എമര്‍ജിംഗ് കേരള'യില്‍ ആറ്റിങ്ങല്‍ നിയോജകമണ്ഡലത്തിലെ പദ്ധതികള്‍

2424 ശ്രീ. ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'എമര്‍ജിംഗ് കേരള'യില്‍ ഉള്‍പ്പെടുത്തി ആറ്റിങ്ങല്‍ കെ. എസ്. ആര്‍. ടി.സി ഡിപ്പോയില്‍ എന്തെല്ലാം വികസനപ്രവര്‍ത്തനങ്ങള്‍ നടപ്പില്‍ വരുത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 'എമര്‍ജിംഗ് കേരള'യില്‍ ആറ്റിങ്ങല്‍ മണ്ഡലത്തില്‍ നിന്നും ഏതെല്ലാം പദ്ധതികള്‍ ഉള്‍പ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ചേർത്തല സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെ പ്രവർത്തനം</u>

2425 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ബോഗി നിർമ്മാണ യൂണിറ്റിന്റെ നടപടികൾ വൈകിയതുമൂലം ചേർത്തല സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിനെ സിൽക്കിലേക്ക് കൂട്ടിച്ചേർത്ത് സർക്കാർ ഇറക്കിയ ഉത്തരവ് മറ്റൊരു ഉത്തരവിലൂടെ മരവിപ്പിക്കുവാനുണ്ടായ കാരണം വ്യക്തമാക്കുമോ; ഇതുമൂലം എസ്. എഫ്. യു.വിന്റെ പ്രവർത്തനം ഒരു ഗവേണിംഗ് ബോഡിയുടെയും കീഴിലല്ലാതായി മാറിയിരിക്കുന്ന വസ്തുതയും എസ്.എഫ്.യു.വിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിൽക്ക് മുഖേന നടക്കേണ്ട സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് എ.ജി. ഓഡിറ്റിംഗ് എന്നിവ എസ്. എഫ്. യു.വിൽ നടക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന് ഇപ്പോൾ സർക്കാർ സഹായം ലഭിക്കുന്നില്ല എന്നും സ്ഥാപനത്തിന് പ്രവർത്തനമൂലധനം ഇല്ലാത്ത അവസ്ഥയാണെന്നും സ്ഥാപനത്തിന് ലഭിക്കുന്ന വർക്കുകൾ ചെയ്യാൻ കഴിയാതെ വരുന്നുവെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റിന്റെ പേരിൽ നിലവിലുള്ള ബാധ്യതകൾ തീർക്കുന്നതിനും കേസുകൾ തീർപ്പാക്കുന്നതിനും അടിയന്തിരമായ സംവിധാനം ഉണ്ടാക്കുമോ;

(ഡി) 2013-14 കാലയളവിൽ എസ്.എഫ്.യു.വിൽ നിന്നും എത്ര ജീവനക്കാർ വിരമിക്കുമെന്ന് വ്യക്തമാക്കുമോ; ഇവർക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാൻ എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് തീരുമാനിച്ചിട്ടുളളത് എന്ന് വ്യക്തമാക്കുമോ;

(ഇ) എസ്.എഫ്.യു.വിനെ സിൽക്കിലേക്ക് കൂട്ടിച്ചേർക്കുന്നതിനിറക്കിയ സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ്</u>

2426 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസും റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ആഡിറ്റ് ബോർഡും സംയോജിച്ച് പബ്ലിക് സെക്ടർ എന്റർപ്രൈസസ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതുപോലെ പ്രസ്തുത ബോർഡിലേക്ക് നിയമിച്ചിട്ടുള്ള പ്രൊഫഷണലുകൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

പാദരക്ഷാ ഡിസൈൻ ക്യാമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി

2427 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ പാദരക്ഷാഡിസൈൻ ക്യാമ്പ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഞ്ഞൂറിലധികം പാദരക്ഷാ യൂണിറ്റുകൾ പ്രവർത്തിച്ചിരുന്ന കോഴിക്കോട് ജില്ലയിൽ പാദരരക്ഷാ ഡിസൈൻ ക്യാമ്പ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

കുട്ടനാട്ടിലെ ചിത്തിര കായലിൽ നിന്നും ട്രാവൻകൂർ സിമന്റ്സിന്റെ കക്ക ഖനനം

2428 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ചിത്തിര കായലിൽ നിന്നും ട്രാവൻകൂർ സിമന്റ്സ് കക്ക ഖനനം നടത്തിയത് 27.08.2002-ലെ ജി.ഒ.(എം.എസ്) നം.8787/2002/വ്യ.വ.നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമാണോ;

(ബി) ഇത് സംബന്ധിച്ച് വ്യവസായവകുപ്പും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ/എഗ്രിമെന്റ് നടത്തിയിരുന്നോ;

(സി) എങ്കിൽ ചർച്ചകളുടെ മിനിറ്റ്സിന്റെയും എഗ്രിമെന്റിന്റെയും പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ വ്യവസായ</u>
<u>കിന്‍ഫ്രയുടെ പാര്‍ക്ക്</u>

2429 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പാണപ്പുഴയില്‍ കിന്‍ഫ്രയുടെ ആഭിമുഖ്യത്തില്‍ വ്യവസായ പാര്‍ക്ക് ആരംഭിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷന്‍ നടപടികള്‍ പൂര്‍ത്തിയായോ ; വിശദാംശം നല്‍കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>കിൻഫ്രയുടെ പ്രവർത്തനം</u>

2430 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2012 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും പൊതുമേഖലാ സ്ഥാപനമായ കിൻഫ്ര എത്ര രൂപയുടെ ലാഭം/നഷ്ടം ഉണ്ടാക്കിയെന്ന് വിശദമാക്കാമോ;

(ബി) 2001 മുതൽ 2012 വരെ ഓരോ സാമ്പത്തിക വർഷത്തിലും കിൻഫ്രയ്ക്ക് ലഭിച്ച ബഡ്ജറ്റ് വിഹിതം എത്ര;

(സി) പ്രസ്തുത കാലയളവിൽ ഓരോ സാമ്പത്തിക വർഷവും എവിടങ്ങളിലെല്ലാം എത്രയധികം ഭൂമി കിൻഫ്രയ്ക്ക് വ്യവസായ വികസനത്തിനായി ഏറ്റെടുക്കാനായിയെന്ന് വെളിപ്പെടു ത്തുമോ;

(ഡി) ഈ കാലയളവിൽ ഓരോ സാമ്പത്തികവർഷവും എവിടെയെല്ലാം എത്ര ഭൂമി കിൻഫ്ര, നിക്ഷേപകർക്കായി അനുവദിച്ചു; ഇതു വഴി എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടായി; എത്ര തൊഴിലുകൾ ഓരോ സാമ്പത്തിക വർഷവും സാധ്യമാക്കാൻ കഴിഞ്ഞു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പുതിയ പദ്ധതികൾ</u>

2431 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിൻഫ്രായുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് (2006-2011) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാം ; അക്കാലത്ത് അനുവദിച്ച ഏതെല്ലാം പദ്ധതികളാണ് ഇനിയും ആരംഭിക്കാനുള്ളത് ; പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(സി) തരൂർ മണ്ഡലത്തിൽ പുതിയ വ്യവസായ പാർക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രാ പാർക്ക്

2432 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതിലേക്ക് എത്ര ഏക്കർ ഭൂമിയാണ് അളന്ന് തിട്ടപ്പെടുത്തിയത്; വ്യക്തമാക്കുമോ; പ്രസ്തുത നടപടികൾ ആരംഭിച്ചത് എന്നാണ്; നിലവിലുള്ള പുരോഗതി വിശദമാക്കുമോ;

(ബി) 2008 ലെ നെൽവയൽ - തണ്ണീർത്തട നിയമം അനുസരിച്ച് ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട എത്ര ഏക്കർ ഭൂമി ഈ ആവശ്യത്തിലേക്കായി ഏറ്റെടുക്കുവാൻ നിശ്ചയിച്ചിരുന്ന ഭൂപ്രദേശത്ത് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിലവിൽ പ്രസ്തുത സ്ഥാലത്ത് കിൻഫ്രാ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി</u>

2433 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിൽ വ്യവസായ സ്ഥാപനങ്ങളൊന്നും ആരംഭിച്ചിട്ടില്ലെന്നതും മണ്ഡലത്തിന്റെ പിന്നോക്കാവസ്ഥയും പരിഗണിച്ച് പൊതുമേഖലയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വിരമിച്ച ഉദ്യോഗസ്ഥരുടെ സേവനം</u>

2434

ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ വിരമിച്ച ഉദ്യോഗസ്ഥർ സർവ്വീസിൽ തുടരുന്നുണ്ടോ;

(ബി) എങ്കിൽ അവരിൽ 60 വയസ്സ് കഴിഞ്ഞവർ ആരൊക്കെയാണെന്ന് അറിയിക്കുമോ;

(സി) വിരമിച്ചവർ സർവ്വീസിൽ തുടരുന്നത് സംബന്ധിച്ച് സർക്കാർ നയമെന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഇന്ധനവില വര്‍ദ്ധനവ്</u>

2435 ശ്രീ. പി.കെ. ഗുരുദാസന്‍
,, എളമരം കരീം
,, ജെയിംസ് മാത്യു
,, സി.കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഡീസല്‍വില വര്‍ദ്ധന വ്യവസായ സ്ഥാപനങ്ങളെ ഏതെല്ലാം തരത്തില്‍ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഡീസല്‍ വൈദ്യുതി നിരക്ക് വര്‍ദ്ധനവ് മൂലം സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങള്‍ ഇപ്പോള്‍ പ്രതിസന്ധി നേരിടുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) വൈദ്യുതി, ഡീസല്‍ വില വര്‍ദ്ധനയിലൂടെ ഉണ്ടായിട്ടുള്ള ചരക്ക് കൂലി വര്‍ദ്ധനവും കൂടി കണക്കിലെടുത്ത് വ്യവസായ സ്ഥാപനങ്ങള്‍ നേരിടുന്ന തകര്‍ച്ച ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കില്‍ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങള്‍ക്ക് ഇത് മൂലമുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഉല്പന്ന വില കൂട്ടാനുള്ള നിര്‍ദ്ദേശം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പ്രത്യേക പെട്രോളിയം പ്രകൃതി വാതക സെൽ രൂപീകരിക്കാൻ നടപടി</u>

2436 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പ്രകൃതി വാതക ഉപയോഗ വളർച്ചാതോതനുസരിച്ചുള്ള പങ്ക് സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 2010-2011, 2011-2012, 2012-2013 വർഷങ്ങളിൽ സംസ്ഥാനത്തിനു ലഭിച്ച വിഹിതത്തിന്റെ കണക്കുകൾ വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് പ്രത്യേക പെട്രോളിയം പ്രകൃതി വാതക സെൽ രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പൈപ്പ് ലൈനുകൾ</u>

2437 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ സ്ഥാപിക്കുന്ന പൈപ്പ് ലൈൻ ജനവാസ കേന്ദ്രങ്ങളിലൂടെയും കൃഷിയിടങ്ങളിലൂടെയുമാണ് കടന്നുപോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കുന്നത്;

(സി) സ്ഥലം നഷ്ടപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്ന കർഷക സംഘടനകളുടെ ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി</u>

2438 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗെയിൽ ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കാൻ വ്യക്തികളുടെ അനുവാദമില്ലാതെ അവരുടെ സ്ഥലങ്ങളിലെ ഭൂമി കുഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽക്കൂടി കടന്നുപോകുന്ന വാതക പൈപ്പ് ലൈൻ</u>

2439 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ് (ഗെയിൽ) വാതക പൈപ്പ്ലൈൻ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിലൂടെയാണ് കടന്നുപോകുന്നതെന്ന വിവരം ലഭ്യമാക്കുമോ ;

(ബി) വാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഏകപക്ഷീയമായാണ് അലൈൻമെന്റ് നിശ്ചയിച്ചതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) കർഷകരുടെ വിളഭൂമിയിലൂടെ പൈപ്പ്ലൈൻ കടന്നുപോകുക വഴി കർഷകർക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം ലഭിക്കാൻ അടിയന്തിരമായി ഇടപെടുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>വിദേശ വ്യാവസായിക ഉല്പന്നങ്ങളുടെ സംസ്ഥാനവിപണിയിലേയ്ക്കുള്ള വരവ് നിയന്ത്രിക്കുന്ന നടപടി</u>

2440 ശ്രീ. കെ.എൻ.എ. ഖാദർ
,, എം. ഉമ്മർ
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിലയും ഗുണമേന്മയും കുറഞ്ഞ വിദേശ വ്യാവസായിക ഉല്പന്നങ്ങളുടെ സംസ്ഥാന വിപണിയിലേയ്ക്കുള്ള കടന്നുകയറ്റം നിയന്ത്രിക്കുന്നതിന് ചെറുകിട വ്യവസായ മേഖലയെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള ലഘുയന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും ചൈനയിൽ നിന്നും കുറഞ്ഞവിലയ്ക്ക് സംസ്ഥാനത്ത് വിറ്റഴിക്കുന്നതു മൂലം ഗുണമേന്മയുള്ളതും ഉയർന്ന വിലയുള്ളതുമായ തദ്ദേശസാമഗ്രികളുടെ വിപണി നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാവസായിക രംഗത്ത് തദ്ദേശീയ ഉല്പന്നങ്ങളുടെ നിലവാരം ഉയർത്തുന്നതിന് സാങ്കേതിക സഹായം നല്കത്തക്കവിധമുള്ള ഗവേഷണവിഭാഗം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>ചില്ലറവില്പനയിൽ വിദേശനിക്ഷേപം</u>

2441 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പ്മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ചില്ലറ വില്പനയിൽ വിദേശനിക്ഷേപം അനുവദിക്കുന്നതിന് തീരുമാനിച്ചതിൽ സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കാമോ;

(ബി) പല സംസ്ഥാന സർക്കാരുകളും പൊതുജനങ്ങൾക്കും ഈ മേഖലയിൽ ഉപജീവനം നയിക്കുന്ന ചെറുകിട കച്ചവടക്കാർക്കും ദോഷമാകുന്ന ഈ നയം നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കേരളത്തിലും പൊതുജനങ്ങൾക്കും ചെറുകിട കച്ചവടക്കാർക്കും ദോഷം വരുത്തുന്ന ഈ പദ്ധതി നടപ്പിലാക്കാതിരിക്കാനുള്ള തീരുമാനം കൈക്കൊള്ളുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ പാറമടകളുടെ പ്രവര്‍ത്തനം</u>

2442

ശ്രീ. കെ. അച്ചുതന്‍
,, വി. പി. സജീന്ദ്രന്‍
,, ആര്‍. സെല്‍വരാജ്
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്ര നിയമം മൂലം സംസ്ഥാനത്തെ പാറമടകളുടെ പ്രവര്‍ത്തനം നിലച്ചതായ വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്ഥലത്തെ പാറകവാറികള്‍ ആയി ഉപയോഗിക്കാന്‍ കഴിയുമെന്നാണ് കേന്ദ്ര നിയമത്തില്‍ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് അറിയുമോ;

(സി) പാറമടകള്‍ പ്രവര്‍ത്തിക്കുന്നതിനായി വ്യവസ്ഥകളില്‍ ഇളവ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പാറ ക്വാറികൾ</u>

2443 ശ്രീ. പി.ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര പാറക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ ; ജില്ല/താലൂക്ക് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ;

(ബി) പാറക്വാറികൾ നടത്തുന്നതിന് നിലവിൽ എന്തൊക്കെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ നിശ്ചിത ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ള സ്ഥലങ്ങളിൽ ചിലർ അനധികൃത ഖനനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിലുള്ള ഖനനം പൂർണ്ണമായി നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാർ നൽകുന്ന ഭൂമി നിശ്ചിത ആവശ്യത്തിനുമാത്രം ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനും അല്ലെങ്കിൽ തിരിച്ചെടുക്കാനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>അനധികൃത ക്വാറികളുടെ പ്രവർത്തനം</u>

2444 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയോര മേഖല കേന്ദ്രീകരിച്ച് അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) നാദാപുരം നിയോജകമണ്ഡലത്തിൽ എത്ര ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**18.12.2012-ലെ മറുപടിക്ക്**

<u>മണൽ സംസ്കരണം</u>

2445 ശ്രീ. എം. എ. വാഹീദ്
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപ്പ് കലർന്ന മണൽ സംസ്കരണം വഴി നിർമ്മാണമേഖലയിലേക്ക് ഉപയോഗിക്കാവുന്ന വിധത്തിൽ പ്രയോജനപ്പെടുത്താൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ സാദ്ധ്യതാപഠനത്തിന് സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സമിതിയുടെ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>എമർജിംഗ് കേരള പദ്ധതിയ്ക്കായി ഭൂമി മണ്ണിട്ട് നികത്തൽ</u>

2446

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയിൽ വന്ന നിക്ഷേപക പദ്ധതികൾക്കായി സംസ്ഥാനത്ത് ഭൂമി മണ്ണിട്ട് നികത്താൻ വ്യവസായ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ഏക്കർ നെൽവയലുകളാണ് മണ്ണിട്ടുനികത്താൻ നിർദ്ദേശിച്ചതെന്ന വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഭൂമി ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ചെറുകിട, ക്വാറി, ക്രഷർ ഉടമകൾക്ക് ലൈസൻസ്</u>

2447

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ക്വാറി, ക്രഷർ ഉടമകൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറി,
ക്രഷർ യൂണിറ്റുകൾ</u>

2448 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കരവാരം, നഗരൂർ , പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തുകളിൽ എത്ര ക്വാറികളും ക്രഷർ യൂണിറ്റുകളും ലൈസൻസോടുകൂടി പ്രവർത്തിക്കുന്നുണ്ടെന്നും ഇവയിൽ എത്രയെണ്ണത്തിന് വെടിമരുന്ന് സൂക്ഷിക്കുവാനുള്ള ലൈസൻസ് ഉണ്ടെന്നും ആരുടെയൊക്കെ പേരിലാണ് ഈ ലൈസൻസുകളെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>സർക്കാർ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം</u>

2449 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.സി യ്ക്ക് കീഴിലുള്ള സ്പിന്നിംഗ് മില്ലുകളിലും സഹകരണ സ്പിന്നിംഗ് മില്ലുകളിലും 2012 ഏപ്രിൽ മുതൽ 2012 നവംബർ വരെ അസംസ്കൃത വസ്തുവായ കോട്ടൺ, പോളിയസ്റ്റർ എന്നിവ വാങ്ങിയ പാർട്ടികളുടെ പേരുവിവരം വ്യക്തമാക്കുമോ ; ഓരോ സ്പിന്നിംഗ് മില്ലും മാസംതോറും വാങ്ങിയ കോട്ടൺ പോളിയസ്റ്റർ എന്നിവ ഏത് വ്യക്തിയിൽ നിന്നാണ്; ക്വാന്റിറ്റി വെറൈറ്റി, റേറ്റ് പെർ കാൻഡി എന്നിവ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ കോട്ടൺയാൺ/പോളിയസ്റ്റർയാൺ എന്നിവ വില്പന നടത്തുന്നത് ഏത് രീതിയിലാണ് ; ഇവയുടെ മാർക്കറ്റ് വില അറിയുന്ന രീതി എങ്ങനെയാണ് ; മാർക്കറ്റ് വില താരതമ്യം ചെയ്ത് വില്പന നടത്താൻ അനുമതി നൽകുന്നത് ഏത് രീതിയിലാണെന്നു വ്യക്തമാക്കുമോ ;

(സി) സർക്കാർ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകൾ കോട്ടൺയാൺ/പോളിസ്റ്റർയാൺ എന്നിവ വില്പന നടത്തുന്നത് ഡിപ്പോ കീപ്പർ മുഖാന്തിരമാണ് എങ്കിൽ ഡിപ്പോകീപ്പറുടെ പൂർണ്ണമായ മേൽവിലാസം നൽകുമോ ; ഡിപ്പോകീപ്പറുടെ എഗ്രിമെന്റ് കാലാവധി വ്യക്തമാക്കുമോ ;

(ഡി) ഡിപ്പോകീപ്പർമാരെ ആവശ്യമുണ്ടെന്നു കാണിച്ച് ടെൻഡർ വിളിക്കാറുണ്ടോ ; ഓരോ സ്പിന്നിംഗ് മില്ലും അവസാനമായി ഡിപ്പോകീപ്പറെ ക്ഷണിച്ച് ടെൻഡർ വിളിച്ച തീയതി, ടെൻഡർ വിളിച്ച രീതി എന്നിവ വ്യക്തമാക്കുമോ ;

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

(ഇ) സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകള്‍ കോട്ടണ്‍യാണ്‍, പോളിസ്റ്റര്‍യാണ്‍ എന്നിവ വില്പന നടത്തുന്നത് നേരിട്ടാണ് എങ്കില്‍ 2012 ഏപ്രില്‍ മുതല്‍ 2012 നവംബര്‍ വരെ വാങ്ങിയ ഏജന്റ് /പാര്‍ട്ടി എന്നിവരുടെ പേരും വിലാസവും നല്‍കുമോ ;

(എഫ്) സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകള്‍ കോട്ടണ്‍യാണ്‍/പോളിയസ്റ്റര്‍യാണ്‍ എന്നിവ വില്പന നടത്തുന്നതിന് കേന്ദ്രം/സംസ്ഥാന സര്‍ക്കാര്‍ തലത്തില്‍ ഏജന്‍സി നിലവിലുണ്ടോ ; ഇല്ലെങ്കില്‍ ഏജന്‍സി കൊണ്ടുവരാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ ;

(ജി) സര്‍ക്കാര്‍ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകള്‍ നഷ്ടത്തിലാണ് പ്രവര്‍ത്തിക്കുന്നത് എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; സ്പിന്നിംഗ് മില്ലുകള്‍ ലാഭത്തിലാക്കുവാനും സംരക്ഷിക്കുവാനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിനെ</u>
<u>ആധുനിക വല്‍ക്കരിക്കുവാന്‍ നടപടി</u>

2450 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിനെ ആധുനിക വല്‍ക്കരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കമ്പനിക്കാവശ്യമായ മൂലധനം നല്‍കുന്നതിനും ഉല്‍പ്പാദന ക്ഷമത വര്‍ദ്ധിപ്പിച്ച് ഗുണമേന്‍മയുള്ള ഉല്‍പ്പന്നങ്ങള്‍ കുറഞ്ഞ ചെലവിന് നിര്‍മ്മിക്കുന്നതിനും സത്വര നടപടികള്‍ കൈക്കൊള്ളുമോ;

(സി) ജീവനക്കാര്‍ക്ക് ആകര്‍ഷകമായ സേവന വേതന വ്യവസ്ഥകള്‍ നടപ്പാക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ പുരോഗതി</u>

2451 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 വരെയുള്ള സാമ്പത്തിക വർഷത്തിൽ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രാഥമിക കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങളുടെ ആകെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഇവയിൽ പ്രവർത്തന ക്ഷമമായത് എത്ര യൂണിറ്റുകളാണ്;

(സി) പ്രാഥമിക കൈത്തറി നെയ്ത്തു സംഘങ്ങളുടെ പുരോഗതിക്കായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ഡി) എങ്കിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കൈത്തറി സംഘങ്ങൾ, ഹാൻടെക്സ് പുനരുജ്ജീവനം

2452 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൈത്തറി സംഘങ്ങളുടെയും ഹാന്റക്സിന്റയും പുനരുജീവനത്തിനും ശാക്തീകരണത്തിനുമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചതും 30.12.2012ൽ കാലാവധി അവസാനിക്കുന്നതുമായ 3884 കോടി രൂപയുടെ റിവൈവൽ റിഫോം, റിസ്ട്രച്ചറിംഗ് പദ്ധതി പ്രകാരം ഇതുവരെ എത്ര കോടി രൂപ സംസ്ഥാനത്തിന് ലഭ്യമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) കൈത്തറി വ്യവസായത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു സംസ്ഥാനമെന്ന നിലയിൽ 3884 കോടി രൂപയിൽ 500 കോടി രൂപയുടെ വിഹിതമെങ്കിലും ലഭ്യമാക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടായിരുന്നോ ; എങ്കിൽ ഓരോ കമ്മിറ്റിയും എത്ര പ്രാവശ്യം യോഗം ചേർന്നെന്നും പദ്ധതി തുക സംസ്ഥാനത്തിന് ലഭ്യമാക്കാനുള്ള തടസ്സങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

<u>കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിന്റെ പ്രവർത്തനം</u>

2453 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തനം ആരംഭിച്ച ആലപ്പുഴ ജില്ലയിലെ കോമളപുരം സ്പിന്നിംഗ് & വീവിംഗ് മില്ലിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കാത്തതുകൊണ്ട് കോടിക്കണക്കിന് രൂപയുടെ യന്ത്രസാമഗ്രികൾ നശിച്ചു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്പിന്നിംഗ് & വീവിംഗ് മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ് കുടിശ്ശിക</u>

2454 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് റിബേറ്റ് കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; പ്രസ്തുത തുക സമയബന്ധിതമായി കൊടുത്ത് തീർക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്മാര്‍ട്ട് സിറ്റി</u>

2455 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, സി. എഫ്. തോമസ്
,, മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'സ്മാര്‍ട്ട് സിറ്റി' നിര്‍മ്മാണം സമയബന്ധിതമായി തീര്‍ക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 'സ്മാര്‍ട്ട് സിറ്റി' പൂര്‍ണ്ണമായും എന്നത്തേക്ക് പ്രവര്‍ത്തനസജ്ജമാകുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്മാർട്ട്സിറ്റി വികസന പ്രവർത്തനങ്ങൾ</u>

T 2456 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തിന് ശേഷം സ്മാർട്ട് സിറ്റി നിർമ്മാണത്തിൽ എന്തെല്ലാം പുരോഗതി ഉണ്ടായി;

(ബി) സ്മാർട്ട് സിറ്റി നിർമ്മാണ കമ്പനിയായ ടീകോമും കേരള സർക്കാരും തമ്മിൽ ഒപ്പിട്ട എം.ഒ.യു വിലെ പ്രത്യേക വ്യവസ്ഥകൾ എന്തെല്ലാം; എം.ഒ.യു വിന്റെ കോപ്പി ലഭ്യമാക്കാമോ;

(സി) ഒരു വർഷത്തിനുള്ളിൽ എത്ര പേർക്ക് ജോലി നൽകുമെന്നാണ് വാഗ്ദാനം ചെയ്തിരുന്നത്; അതിൽ എത്ര പേർക്ക് ജോലി നൽകി;

(ഡി) എത്ര സ്ക്വയർഫീറ്റ് കെട്ടിടം നിർമ്മിക്കുമെന്നാണ് വ്യക്തമാക്കിയിരുന്നത്; നിർമ്മാണത്തിന് എത്ര രൂപ ചെലവഴിച്ചു;

(ഇ) സ്മാർട്ട് സിറ്റി മേഖലയിൽ ഇൻഡസ്ട്രിയൽ കൊമേഴ്സ്യൽ ഏരിയ എത്ര സ്ഥലത്ത് ആരംഭിച്ചിട്ടുണ്ട്;

(എഫ്) സ്മാർട്ട് സിറ്റിയിൽ എത്ര വികസന പ്രവർത്തനങ്ങൾ നടന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി വികസന പ്രവർത്തനങ്ങൾ</u>

2457 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി ഇതിനകം എന്തെല്ലാം വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്മാർട്ട് സിറ്റി പദ്ധതിക്ക് വേണ്ടി സംസ്ഥാന സർക്കാർ ഇതിനകം ഭൂമിയുൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ചെലവാക്കിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ടീകോം കമ്പനി ചെലവഴിച്ച തുക എത്ര ;

(ഡി) സ്മാർട്ട് സിറ്റിക്ക് വേണ്ടി രൂപ നൽകിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ഏറ്റവും ഒടുവിലത്തെ താത്ക്കാലിക ബാലൻസ്ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ജീവനക്കാർക്കുള്ള പരിശീലനം</u>

2458

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ജില്ല പദ്ധതി എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ;

(ബി) ഇ-ജില്ല പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി ഏതെല്ലാം വകുപ്പിലെ ജീവനക്കാർക്കാണ് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇ-ജില്ല പദ്ധതി മുഴുവൻ ജില്ലകളിലും നടപ്പാക്കുന്നതിന് എത്ര കാലമെടുക്കുമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതി പ്രവർത്തനം</u>

2459 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) സ്മാർട്ട് സിറ്റി പദ്ധതി സംബന്ധിച്ച എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ടെക്നോ ലോഡ്ജുകൾ</u>

2460 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ടെക്നോ ലോഡ്ജുകളാണ് ആരംഭിച്ചിട്ടുള്ളത് ; എവിടെയെല്ലാം ; വ്യക്തമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ ടെക്നോ ലോഡ്ജുകളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

കൊരട്ടി ഐ.ടി. പാർക്കിന്റെ വികസനം

2461 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊരട്ടി ഐ.ടി. പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളത്; ഇതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.12.2012-ലെ മറുപടിക്ക്

തൃക്കരിപ്പൂര്‍ മണ്ഡലത്തില്‍ അനുവദിച്ച ഐ. ടി. പാര്‍ക്ക്

2462

ശ്രീ. കെ. കുഞ്ഞിരാമന്‍ (തൃക്കരിപ്പൂര്‍)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തൃക്കരിപ്പൂര്‍ മണ്ഡലത്തില്‍ അനുവദിച്ച ഐ. ടി. പാര്‍ക്കിന് ചീമേനി വില്ലേജില്‍ ആവശ്യമായ സ്ഥലം ലഭ്യമാക്കുകയും വര്‍ഷങ്ങള്‍ക്ക് മുന്‍പ് ഇതിന് തറക്കല്ലിടല്‍ നടത്തിയിട്ടും നിര്‍മ്മാണ പ്രവര്‍ത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഐ. ടി. പാര്‍ക്ക് എന്നത്തേയ്ക്ക് പ്രവര്‍ത്തനം ആരംഭിക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ചേര്‍ത്തല ഇന്‍ഫോപാര്‍ക്കിന്റെ പ്രവര്‍ത്തനം

2463 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല ഇന്‍ഫോപാര്‍ക്കിന്റെ പ്രവര്‍ത്തന പുരോഗതി വിശദമാക്കുമോ; ഇന്‍ഫോപാര്‍ക്കിനുവേണ്ടി ഏറ്റെടുക്കപ്പെട്ട ഭൂമിയില്‍ ഇതുവരെ എത്രമാത്രം ഉപയോഗിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ; എത്ര സ്ഥാപനങ്ങള്‍ ഇവിടെ പ്രവര്‍ത്തനം ആരംഭിച്ചുകഴിഞ്ഞു എന്നു വ്യക്തമാക്കാമോ; ചേര്‍ത്തല ഇന്‍ഫോ പാര്‍ക്കില്‍ ഇതുവരെ എത്ര പേര്‍ക്ക് തൊഴില്‍ ലഭിച്ചു എന്നും അത് ഏതെല്ലാം വിഭാഗങ്ങളിലാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാര്‍ക്കില്‍ ഉടനടി ആരംഭിക്കാനുള്ള സ്ഥാപനങ്ങള്‍ ഏതെല്ലാമാണെന്നും അവയുടെ മുതല്‍ മുടക്ക് എത്രയാണെന്നും സംരംഭകര്‍ ആരാണെന്നും അതിലൂടെ എത്രപേര്‍ക്ക് ഏതെല്ലാം വിഭാഗങ്ങളില്‍ തൊഴില്‍ ലഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) എമര്‍ജിംഗ് കേരളയുമായി ബന്ധപ്പെട്ട പ്രസ്തുത പാര്‍ക്കില്‍ പുതിയ വ്യവസായ സ്ഥാപനങ്ങള്‍ ആരംഭിക്കാന്‍ നടപടി ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ചേര്‍ത്തല ഇന്‍ഫോ പാര്‍ക്കില്‍ ഉണ്ടായ പുതിയ നിക്ഷേപങ്ങളും, തൊഴിലവസരങ്ങളും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ഐ. റ്റി. പാര്‍ക്ക് ആരംഭിക്കുന്നതിന് നടപടി

2464 ശ്രീ. സി. എഫ്. തോമസ്
''റ്റി. യു. കുരുവിള
''മോന്‍സ് ജോസഫ്
''തോമസ് ഉണ്ണിയാടന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഐ. റ്റി. പാര്‍ക്ക് ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഐ. റ്റി. അധിഷ്ടിത വ്യവസായ വികസനത്തിന് നല്‍കി വരുന്ന സഹായങ്ങളും സൗകര്യങ്ങളും എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഐ. റ്റി. യിലൂടെ ലഭിക്കുന്ന വരുമാനം എത്ര മാത്രം ഉയര്‍ത്താന്‍ കഴിഞ്ഞു; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഇലക്ട്രോണിക് ടെക്നോളജി പാർക്ക്</u>

2465 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വ്യവസായവും വിവരസാങ്കേതികവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ഇലക്ട്രോണിക് ടെക്നോളജി പാർക്കിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>നോളഡ്ജ് സിറ്റി പദ്ധതി</u>

2466 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നോളഡ്ജ് സിറ്റി പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) ഏതു തരത്തിലുള്ള സേവനങ്ങളാണ് ഇതിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഐ. ടി. വികസനത്തിനായി സംസ്ഥാന</u>
<u>സര്‍ക്കാര്‍ ഏറ്റെടുത്ത ഭൂമി</u>

2467 ശ്രീ. പി. ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. ടി. വികസനത്തിനായി സംസ്ഥാന സര്‍ക്കാര്‍ നാളിതുവരെ എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; എവിടെയെല്ലാമാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളത്;

(ബി) ഏതെല്ലാം വര്‍ഷങ്ങളിലാണ് ഭൂമി ഏറ്റെടുത്ത്;

(സി) ഏറ്റെടുത്ത ഭൂമിയില്‍ ഇതുവരെ സംരംഭങ്ങള്‍ തുടങ്ങാതെ എത്ര ഭൂമി വെറുതെയിട്ടിരിക്കുന്നു എവിടെയെല്ലാം ; പ്രസ്തുത ഭൂമിയില്‍ എപ്രകാരം നിക്ഷേപകരെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്തെ ഐ. ടി. വികസനത്തിനായി സംസ്ഥാന സര്‍ക്കാര്‍ 2001 മുതല്‍ 2012 വരെയുള്ള ഓരോ സാമ്പത്തിക വര്‍ഷവും ചെലവഴിച്ച തുക എത്ര ;

(ഇ) സംസ്ഥാനത്തിന് 2001 മുതല്‍ 2012 വരെയുള്ള ഓരോ വര്‍ഷവും ഐ. ടി. യില്‍ നിന്ന് എത്ര രൂപയുടെ വിറ്റ് വരവ് സാധ്യമാക്കാനായി;

(എഫ്) പുതുതായി എവിടെയെല്ലാം ഐ. ടി. പാര്‍ക്കുകള്‍ തുടങ്ങാന്‍ ഉദ്ദേശിക്കുന്നു;

(ജി) പിന്നോക്ക ജില്ലയായ കാസര്‍ഗോഡ് ഏതെങ്കിലും തരത്തിലുള്ള ഐ. ടി. നിക്ഷേപം ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>ഒറ്റപ്പാലത്തെ ഐ.ടി. പാർക്ക് നിർമ്മാണം</u>

2468 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കിൻഫ്രാപാർക്കിൽ ഐ.റ്റി. പാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഇൻഫോ പാർക്ക് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ ;

(സി) ഐ.റ്റി. പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ ;

(ഡി) ഐ.റ്റി. പാർക്ക് ഒറ്റപ്പാലത്ത് സ്ഥാപിക്കുന്നതിനായുള്ള അനുകൂലഘടകങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>അക്ഷയകേന്ദ്രങ്ങളിലൂടെ ലഭ്യമക്കുന്ന സേവനങ്ങൾ</u>

2469 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അക്ഷയകേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുളളത്;

(ബി) പ്രസ്തുത സേവനങ്ങൾ ലഭ്യമാക്കുമ്പോൾ സ്ഥാപനങ്ങൾക്ക് പൊതുജനങ്ങൾ സർവ്വീസ് ചാർജ്ജ് നൽകണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ ഏതൊക്കെ സേവനങ്ങൾക്ക് എത്ര രൂപാ വീതം നൽകണമെന്നുളള വിവരം ലഭ്യമാക്കുമോ;

(സി) ടെലിഫോൺ, വൈദ്യുതി ചാർജ്ജ് എന്നിവ അടയ്ക്കുന്നതിന് പൊതുജനങ്ങളിൽ നിന്നും സർവ്വീസ് ചാർജ്ജ് ഇനത്തിൽ യഥേഷ്ടം തുക ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സേവന വിവരവും, നൽകേണ്ട തുകയും അക്ഷയ കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

ഓൺലൈനിൽ സർട്ടിഫിക്കറ്റുകൾ

2470 ശ്രീ. കെ. മുരളീധരൻ
,, വി.റ്റി. ബൽറാം
,, വർക്കല കഹാർ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽനിന്നും ലഭിക്കേണ്ട എല്ലാ സർട്ടിഫിക്കറ്റുകളും സേവനങ്ങളും ഓൺലൈൻ ആക്കുന്ന സംവിധാനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ബി) ഏത് പദ്ധതി പ്രകാരമാണ് ഈ സംവിധാനം നടപ്പിലാക്കുന്നത് ;

(സി) ഏതെല്ലാം വകുപ്പുകളുടെ സർട്ടിഫിക്കറ്റുകളും സേവനങ്ങളുമാണ് പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനവുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.12.2012-ലെ മറുപടിക്ക്

<u>സിറ്റിസൺ കോൾസെന്റർ</u>

2471 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.ടി മിഷന്റെ നിയന്ത്രണത്തിലുള്ള സിറ്റിസൺ കോൾസെന്റർ മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം എത്ര അന്വേഷണങ്ങൾ ഈ സെന്റർ മുഖേന ലഭിച്ചു ;

(സി) ഇത് കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം സെക്രട്ടറി
2012 ഡിസംബർ 09

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.